# 7
# നീലിയും മീലിയും

തനിക്ക് ചെയ്യാൻ കഴിയുന്ന ജോലി പോലും ഏറ്റെടുക്കാൻ മടിക്കുന്ന മനോഭാവം ഇന്നു സമൂഹത്തിൽ വളർന്നു വരുന്നു. ഈ സാഹചര്യത്തിൽ അധ്വാനശേഷി വികാസത്തിന്റെ അഭാവം എന്ന പ്രശ്നമേഖലയിൽ തൊഴിലിന്റെ പ്രാധാന്യത്തെക്കുറിച്ച് വേണ്ടത്ര ധാരണയില്ലായ്മ എന്ന ഉപപ്രശ്നത്തിലെ, വീട്ടിലെ ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ പാഠത്തിൽ ചർച്ച ചെയ്യുന്നത്. ചിത്രകഥാ രൂപത്തിലാണ് ഈ പാഠം അവതരിപ്പിക്കുന്നത്.

വീട്ടിൽ വിവിധ ജോലികളുണ്ടെന്നും, ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് ജോലി ചെയ്യേണ്ടതുണ്ടെന്നും, വരുമാനത്തിനുവേണ്ടി വീട്ടിൽ വച്ച് ചെയ്യാവുന്ന ജോലികളുണ്ടെന്നുള്ള ആശയങ്ങൾ ഈ പാഠത്തിലൂടെ രൂപപ്പെടണം.

സംഭാഷണം തയാറാക്കുന്നതിനും, സംഖ്യകളും പാറ്റേണുകളും രൂപീകരിക്കുന്നതിനും ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനും ഈ പാഠത്തിൽ പ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ട്. പട്ടികകൾ രൂപീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുള്ള അവസരവും ഈ പാഠത്തിലുണ്ട്.

തൊഴിലിനോടും തൊഴിൽ ചെയ്യുന്നവരോടും ആഭിമുഖ്യം വളർത്തുന്നതിന് ഈ പാഠം സഹായകമാകണം.

**പ്രശ്ന മേഖല: അധ്വാനശേഷി വികാസത്തിന്റെ അഭാവം**

| ആശയങ്ങൾ | പ്രക്രിയ | പ്രകടിതരൂപം | വിലയിരുത്തൽ | മോഡ്യൂൾ നമ്പർ/ (വിഷയം) |
|---|---|---|---|---|
| • വീട്ടിൽ വിവിധ ജോലികളുണ്ട്.<br>• ആശയം തുടർച്ചയായി വരുന്ന രീതിയിൽ സംഭാഷണം എഴുതാം. | • ചിത്രകഥ വായിച്ചും ചർച്ചചെയ്തും ആശയം രൂപീകരിക്കുന്നു.<br>• ചിത്രകഥയെ ആസ്പദമാക്കി കഥ എഴുതുന്നു.<br>• സംഭാഷണം പൂർത്തിയാക്കുന്നു. | • സംഭാഷണം<br>• അവതരണം (നാടകം)<br>• കഥ | • സംഭാഷണം- സ്വയം/ പരസ്പരം വിലയിരുത്തുന്നു.<br>• അവതരണം (വായന) ടീച്ചർ വിലയിരുത്തൽ<br>• കഥ<br>• ടീച്ചർ വിലയിരുത്തുന്നു. | • 1. ഭാഷ |
| • വരുമാനത്തിനുവേണ്ടി വീട്ടിൽ വെച്ച് ചെയ്യാവുന്ന ജോലികളുണ്ട്.<br>• 100കളും 10കളും 1 കളും ചേർന്നാണ് മൂന്നക്ക സംഖ്യ രൂപീകരിക്കുന്നത് | • പട്ടികയിലെ ചിത്രവുമായി ബന്ധപ്പെട്ട് സ്ഥാനവിലയനുസരിച്ച് സംഖ്യകൾ രൂപീകരിച്ച് പൂരിപ്പിക്കുന്നു.<br>• മാല, ബൊക്കെ എന്നീ ചിത്രങ്ങളിലെ പാറ്റേൺ കണ്ടെത്തുന്നു. രൂപീകരിക്കുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | • പൂരിപ്പിച്ച പട്ടിക<br>• പാറ്റേൺ<br>• നിർധാരണം ചെയ്ത പ്രശ്നങ്ങൾ | • പൂരിപ്പിച്ച പട്ടിക<br>• പാറ്റേൺ ടീച്ചർ വിലയിരുത്തൽ<br>• നിർദ്ധാരിത പ്രശ്നങ്ങൾ<br>• സ്വയം/ പരസ്പരം വിലയിരുത്തൽ ടീച്ചർ വിലയിരുത്തൽ | • 2 (ഗണിതം) |
| • ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് ജോലി ചെയ്യേണ്ടതുണ്ട്. | • പട്ടിക വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• സ്വന്തം വീട്ടിലെ ജോലികൾ അവ ചെയ്യുന്നതാരൊക്കെ പട്ടികപ്പെടുത്തുന്നു. തനിക്കു ചെയ്യാവുന്നവയെല്ലാം ചെയ്യുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തുന്നു. | • പട്ടിക | • സ്വയം/ പരസ്പരം വിലയിരുത്തൽ<br>• ടീച്ചർ വിലയിരുത്തൽ | • 3 (പരിസരപഠനം) |

സമയം : 30 മണിക്കൂർ





## മോഡ്യൂൾ 1 - ഭാഷ

ആശയം : • വീട്ടിൽ വിവിധ ജോലികളുണ്ട്
• ആശയം തുടർച്ചയായി വരുന്ന രീതിയിൽ സംഭാഷണം എഴുതാം.

ഭാഷാവ്യവഹാരരൂപങ്ങൾ : • സംഭാഷണം, കഥ

സാമഗ്രികൾ : • തൊപ്പിപ്പാവകൾ

**ആഖ്യാനം**

മാവിൻ ചുവട്ടിലെ കുഞ്ഞുവീട്ടിലാണ് കോഴിയമ്മയുടെ താമസം. കോഴിയമ്മയ്ക്ക് രണ്ട് മക്കൾ. മീലിയും നീലിയും. ഇപ്പോൾ മീലി മാത്രമേ കോഴിയമ്മയുടെ കൂടെയുള്ളൂ. നീലിയെക്കുറിച്ചോർത്തപ്പോൾ കോഴിയമ്മയ്ക്കു സങ്കടം സഹിച്ചില്ല.



**ചിത്രകഥ വായിക്കൂ**

- ചിത്രകഥ വ്യക്തിഗതമായി വായിക്കുന്നു - കണ്ടെത്തലിന്റെ അവതരണം
- വ്യക്തിഗതവായനയിൽ ആശയം ഗ്രഹിക്കാൻ ആർക്കെല്ലാം കഴിഞ്ഞു?
- വായനയിൽ പ്രയാസം നേരിട്ടവർ ആരെല്ലാമാണ്?
- അവർക്കുവേണ്ടി കഥ ഒന്നു കൂടി വായിച്ചാലോ? എങ്ങനെ വായിക്കാം.
- ചിത്ര കഥയിലെ പാത്രങ്ങളായി നിന്നുകൊണ്ട് വായിക്കണം.
- ഗ്രൂപ്പു വായന - കഥാപാത്രത്തിന്റെ എണ്ണത്തിനനുസരിച്ച് ഗ്രൂപ്പ് ആകുന്നു. (കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഒന്നിലധികം കഥാപാത്രങ്ങളുടെ ഭാഗം ഒരു കുട്ടിക്കു തന്നെ വായിക്കാമല്ലോ?) - ഓരോരുത്തരും ആ കഥാപാത്രത്തിന്റെ ഭാഗം മാത്രം വായിക്കുന്നു - വായനയിൽ പ്രയാസം നേരിടുന്നവരെ ഗ്രൂപ്പ് അംഗങ്ങളും ടീച്ചറും സഹായിക്കുന്നു - കഥാപാത്രങ്ങൾ പരസ്പരം മാറി, വായന തുടരുന്നു.





നീലിക്ക് എന്താണ് സംഭവിച്ചത്?

❑ കോഴിയമ്മയും മീലിയും എന്തെല്ലാം ജോലികളാണ് ചെയ്യുന്നത്?



- ചിത്രകഥ വായിച്ചും നിരീക്ഷിച്ചും കണ്ടെത്തൂ.
- കണ്ടെത്തലിന്റെ അവതരണം.
- കോഴിയമ്മയും മീലിയും ചെയ്യുന്ന ജോലികൾ കണ്ടില്ലേ. നിങ്ങളുടെ വീട്ടിൽ എന്തെല്ലാം ജോലികളാണുള്ളത്.



- വീട്ടിലെ ജോലികൾ വ്യക്തിഗതമായി എഴുതുന്നു - ടീച്ചർ വിലയിരുത്തുന്നു.
- ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.
- ഗ്രൂപ്പ് ഉല്പന്നം ഉണ്ടാക്കുന്നു (ഞങ്ങളുടെ വീട്ടിലെ ജോലികൾ)
- പൊതു അവതരണം,
- ക്രോഡീകരണം
- വീട്ടിലെ ജോലികളെക്കുറിച്ച് മനസിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ - ചർച്ച ആശയരൂപീകരണം.

**നാടകം കളിക്കാം**

- കോഴിയമ്മയുടേയും മക്കളുടെയും കഥ വായിച്ചുവല്ലോ? ഈ കഥ നാടകമായി അവതരിപ്പിച്ചാലോ?
- പാഠഭാഗം വീണ്ടും വായിക്കുന്നു.
- കഥാപാത്രങ്ങളെ നിശ്ചയിക്കുന്നു.
- സംഭാഷണം തീരുമാനിക്കുന്നു
- തൊപ്പിപാവ ഉപയോഗിച്ച് നാടകം അവതരിപ്പിക്കുന്നു.
- ഏറ്റവും നല്ലതുപോലെ അവതരിപ്പിച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നു.

ക്ലാസിൽ നടത്തിയ മികച്ച അവതരണം, മറ്റെവിടെയെല്ലാം അവതരിപ്പിക്കാം.

- ബാലസഭ
- ക്ലാസ്.പി.ടി.എ

**കഥ എഴുതാം**

ചിത്രകഥ വായിച്ചല്ലോ. ഇത് ഒരു കഥ രൂപത്തിൽ മാറ്റിഎഴുതൂ.

- വ്യക്തിഗത രചന
- ഗ്രൂപ്പുതല അവതരണം - മെച്ചപ്പെടുത്തൽ - വ്യക്തിഗതം
- കഥാ പതിപ്പിലേക്ക്
- പട്ടം നീലിയെയും കൂട്ടി ജോണിയുടെ വീട്ടിലെത്തി. ജോണിക്കു സന്തോഷമായി. അവർ തമ്മിൽ പറഞ്ഞത് എന്തൊക്കെയായിരിക്കും?

**സംഭാഷണം പൂർത്തിയാക്കൂ**

ടെക്സ്റ്റ് ബുക്ക് പേജ് - 60

- വ്യക്തിഗത ആലോചന
- രണ്ടംഗ ഗ്രൂപ്പിൽ പങ്കുവയ്ക്കൽ-രചന (ടീച്ചർ വിലയിരുത്തുന്നു)



**ഗ്രൂപ്പ് ഉല്പന്നത്തിൽ**

- എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകണം
- പ്രത്യേകം പേപ്പറിൽ/ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം.

**തൊപ്പിപാവ എങ്ങനെ ഉണ്ടാക്കാം**

- തലയിൽ കൃത്യമായി ഇറക്കി വയ്ക്കാവുന്ന കടലാസു കൂടിന്റെ ചുവട്ടിൽ നിന്ന് 3 ഇഞ്ച് പൊക്കത്തിൽ മുറിച്ചെടുത്ത് തലയിൽ വച്ചാൽ തൊപ്പി റഡി.
- ചാർട്ട് പേപ്പറിൽ കഥാപാത്രങ്ങളുടെ ചിത്രം വരച്ച് നിറം കൊടുത്ത് തൊപ്പിയിൽ ഒട്ടിക്കുക.
- ചുണ്ടിന്റെ സ്ഥാനത്ത് കടലാസ് കുമ്പിൾ ഒട്ടിക്കുക.

**വിലയിരുത്തൽ**

- വായിച്ച് പരിചയപ്പെട്ട ഭാഗവുമായുള്ള തുടർച്ച സംഭാഷണത്തിനുണ്ടോ?
- ചോദ്യത്തിനനുസരിച്ചുള്ള പ്രതികരണമാണോ?
- ഉചിതമായ പദങ്ങളും വാക്യഘടനയുമാണോ?

- കൂടുതൽ അംഗങ്ങളുള്ള ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- ചർച്ച-താരതമ്യം
- ഗ്രൂപ്പ് ഉല്പന്നം തയാറാക്കുന്നു - പ്രദർശിപ്പിക്കുന്നു.
- ടീച്ചേഴ്സ് വെർഷൻ അവതരണം
- എഡിറ്റിംഗ്
- TB യിൽ വ്യക്തിഗതമായി പുനർലേഖനം നടത്തുന്നു

**ആരെയാണിഷ്ടം**

മീലിയുടേയും നീലിയുടേയും കഥ വായിച്ചുവല്ലോ? മീലിയെയാണോ നീലിയെയാണോ നിങ്ങൾക്കിഷ്ടം എന്തുകൊണ്ട്?

- വ്യക്തിഗതമായി എഴുതുന്നു
- ഗ്രൂപ്പിൽ അവതരണം - ചർച്ച
- മെച്ചപ്പെടുത്തി ടി.ബി യിൽ എഴുതുന്നു.



രക്ഷിതാവിനോട്.....

**സി.പി.ടി.എ യിലേക്ക്**

- സംഭാഷണത്തിനുള്ള കഴിവ് കുട്ടിയിൽ എത്രമാത്രം? ചർച്ച.
- സംഭാഷണത്തിന് വീട്ടിൽ എത്രമാത്രം അവസരം ലഭിക്കാറുണ്ട്?
- വീട്ടിൽ നടത്തുന്ന ചർച്ചയിൽ കുട്ടിയെ ഉൾപ്പെടുത്താറുണ്ടോ? അവന്റെ അഭിപ്രായം അംഗീകരിക്കാറുണ്ടോ? അഭിനന്ദിക്കാറുണ്ടോ?
- കുട്ടിയുടെ രചനാപുസ്തകം വിലയിരുത്താറുണ്ടോ?
- കുട്ടി ഇനിയും എത്ര മാത്രം മെച്ചപ്പെടണമെന്നാണ് കരുതുന്നത്?




## മോഡ്യൂൾ 2 - ഗണിതം

| | |
|---|---|
| ആശയം | : • വരുമാനത്തിനുവേണ്ടി വീട്ടിൽ വച്ച് ചെയ്യാവുന്ന ജോലികളുണ്ട്<br>• 100 കളും 10 കളും 1 കളും ചേർന്ന് മൂന്നക്കസംഖ്യ രൂപീകരിക്കാം. |
| സാമഗ്രികൾ | : • വർക്ക്ഷീറ്റ് സംഖ്യയുണ്ടാക്കൽ കളിക്കുള്ള വസ്തുക്കൾ, സംഖ്യാ കാർഡുകൾ, പൂക്കൾ |

**ആഖ്യാനം**

"ജോണീ, ജോണീ എഴുന്നേറ്റേ" അമ്മയുടെ വിളികേട്ട് അവൻ കണ്ണും തിരുമ്മി മുറ്റത്തേക്കിറങ്ങി. നീലി ജോണിയെയും നോക്കി മുറ്റത്തുതന്നെ നില്പുണ്ട്.

"ഹൊ! സമയം ഏഴായി"

ജോണി ചെടികൾ നനയ്ക്കാൻ തുടങ്ങി.

"എന്തൊക്കെ ജോലിയാ ജോണി ചെയ്യുന്നത്. എന്റെ മീലിയെപ്പോലെ" നീലി ചിന്തിച്ചു.

"ജോണീ, ഞാൻ പൂ പറിക്കാൻ പോകുന്നു."

അമ്മ പൂക്കൂടയുമായി മുറ്റത്തേക്കിറങ്ങി.

ജോണിയും നീലിയും ഒപ്പം കൂടി. അവർ കാവിനടുത്തെത്തി.

എത്രതരം പൂക്കൾ "ഹായ് എന്തു ഭംഗി" നീലി അതിശയിച്ചു. പൂക്കൾ ശേഖരിച്ചു വീട്ടിലെത്തിയപ്പോഴേക്കും മണി ഒൻപത് ആയി.

"ഞാനും നീലിയും മാലകെട്ടാം. അമ്മ ബൊക്ക ഉണ്ടാക്കിക്കൊള്ളൂ."

"മാല ഭംഗിയായി കോർക്കണേ, ചെറുതും വലുതും വേണം." അമ്മ ഓർമിപ്പിച്ചു.

ജോണി മാല കോർക്കാൻ തുടങ്ങി. നിറം നോക്കി പൂക്കൾ എടുത്തു കൊടുക്കുന്നത് നീലിയാണ്. ഓരോ മാലയ്ക്കും വേണ്ട പൂക്കൾ നീലി മാറ്റിവച്ചു.

- മാറ്റിവച്ച പൂക്കൾ നോക്കൂ. എത്രയെണ്ണം? വർക്ക് ഷീറ്റിലെ ആദ്യകോളം ചാർട്ടിൽ വരച്ച് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.




- വ്യക്തിഗതമായി നോട്ടു പുസ്തകത്തിൽ എഴുതുന്നു.
- ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു, കണ്ടെത്തിയ വിധം വിശദീകരിക്കുന്നു.
- കൂട്ടുകാരുടെ കണ്ടെത്തലുമായി താരതമ്യം ചെയ്യുന്നു.
- മാറ്റം ആവശ്യമുണ്ടെങ്കിൽ സ്വയം തിരുത്തുന്നു.
- വ്യക്തിഗതമായി കണ്ടെത്തിയത് ടീച്ചർ വിലയിരുത്തുന്നു.
- ഗ്രൂപ്പിലെ ചർച്ച ടീച്ചർ വിലയിരുത്തുന്നു.

'എന്തിനാ ഇത്രയും മാലയും ബൊക്കെയും?' നീലിയുടെ മനസ്സിൽ അതുതന്നെയായിരുന്നു ചിന്ത. 'മാലകെട്ടു കഴിയട്ടെ. ജോണിയോടു തന്നെ ചോദിക്കാം' അവൾ തീരുമാനിച്ചു.

കെട്ടിക്കഴിഞ്ഞ മാലയും ബൊക്കയും അമ്മ കൂടയിൽ അടുക്കിവെച്ചു. ഈ സമയം നീലി തന്റെ സംശയം ജോണിയോട് ചോദിച്ചു. ഇത്രയും മാലയും ബൊക്കയും ഉണ്ടാക്കിയത് എന്തിനാണെന്നായിരിക്കും ജോണി പറഞ്ഞത്?

ജോണിയുടച്ഛന്റെ പൂക്കടയിലേക്ക് മാലയും ബൊക്കയുമുണ്ടാക്കുന്നത് വീട്ടിൽ വച്ചാണത്രേ.

'എനിക്ക് പൂക്കട കാണണം!' നീലി തന്റെ ആഗ്രഹം പറഞ്ഞു. നാളെ നിന്നെയും കൊണ്ടു പോകാം.

അന്ന് വൈകിട്ട് ജോണിയുടെ അച്ഛൻ നേരത്തേ വന്നു. 'ഇന്ന് എല്ലാ മാലയും ബൊക്കയും വിറ്റുപോയി. അച്ഛൻ വീട്ടിനുള്ളിൽ നിന്ന് അമ്മയോടു പറയുന്നതു കേട്ടപ്പോൾ ജോണിയും നീലിയും അകത്തേക്കു ചെന്നു.

മാലയും ബൊക്കയും വിറ്റപ്പോൾ കിട്ടിയ പണം അച്ഛൻ എണ്ണുകയാണ്. അച്ഛൻ എഴുതി വച്ച് കണക്ക് ജോണി വായിച്ചു.

| | | | |
|---|---|---|---|
| മാല | 95 | പനിനീർപൂവ് | 95 |
| ബൊക്ക | 46 | മുല്ലപൂവ് | 46 |

മാലയും ബൊക്കയും വിറ്റതാണോ പൂക്കൾ വിറ്റതാണോ കൂടുതൽ?

- കുട്ടികൾ പ്രശ്നം നിർധാരണം ചെയ്യുന്നു.
- എത്ര പൈസയാ പൂക്കളും മാലയും വിറ്റപ്പോൾ കിട്ടിയത്? നീലി അത്ഭുതപ്പെട്ടു.

വരുമാനത്തിനുവേണ്ടി വീട്ടിൽ ചെയ്യുന്ന എന്തെല്ലാം ജോലികൾ നിങ്ങളുടെ നാട്ടിലുണ്ട് (സ്വതന്ത്ര പ്രതികരണം)

- വ്യക്തിഗതമായി എഴുതുന്നു
- പൊതു അവതരണം
- ചർച്ച
- കൂട്ടിച്ചേർക്കൽ




ക്ലാസ് തല ക്രോഡീകരണത്തിലുണ്ടാക്കിയ പദസൂര്യൻ കുട്ടികളുടെ ബുക്കിൽ എഴുതുമല്ലോ?

'എത്ര പൂക്കൾ' പ്രവർത്തനം ചെയ്യുന്നു (റ്റി.ബി 61)

**ആഖ്യാനം**

'അമ്മ കെട്ടിയ പൂച്ചെണ്ട് കാണാൻ എന്തു ചന്തം. വയലറ്റ് പൂക്കളെവിടെ?' ഒരു വരിയിൽ പൂക്കൾ വച്ചിട്ടില്ല. നീലി വയലറ്റ് പൂക്കളുമായെത്തി. ജോണി പൂക്കൾ വച്ചു. 'ഹായ്! നല്ല ഭംഗി!' നീലി പറഞ്ഞു.

ബൊക്കെയിൽ പൂക്കൾ വരച്ചു ചേർക്കണം. എത്ര പൂക്കളാണ് വരയ്ക്കേണ്ടത്? പട്ടിക പൂർത്തിയാക്കൂ.

- വ്യക്തിഗതമായി എഴുതുന്നു.
- ഗ്രൂപ്പിൽ അവതരണം; പങ്കുവയ്ക്കൽ
- കണ്ടെത്തിയതിന്റെ യുക്തി വിശദീകരിക്കുന്നു.
- ആവശ്യമെങ്കിൽ സ്വയം തിരുത്തുന്നു
- പൊതു അവതരണം, ചർച്ച
- ക്ലാസ് തലത്തിൽ ക്രോഡീകരണം
- ടി.ബി യിൽ എഴുതുന്നു
- ചിത്രം പൂർത്തീകരിക്കുന്നു

ടീച്ചറിന്റെ വിലയിരുത്തൽ.

- വ്യക്തിഗത രചന
- ഗ്രൂപ്പ് പ്രവർത്തനം
- യുക്തി വിശദീകരിക്കൽ
- പാഠപുസ്തകത്തിലെ രേഖപ്പെടുത്തൽ

അപഗ്രഥനത്തിന് സഹായകമായ ചോദ്യങ്ങൾ ചോദിക്കാമല്ലോ?

**ആഖ്യാനം**

വൈകുന്നേരം മാലയും ബൊക്കയും സഞ്ചിയിലാക്കി ജോണിയും നീലിയും കടയിലേക്ക് പോയി. അവർ കടയിലെത്തി. ബൊക്കയും മാലയും എടുത്തുവച്ചു. മാല തൂക്കിയിടാൻ ജോണി അച്ഛനെ സഹായിച്ചു. നീലി എല്ലാം നോക്കി നിന്നു. ഹായ് മാല തൂക്കിയിട്ടത് പ്രത്യേക രീതിയിലാണല്ലോ? നീലി പറഞ്ഞപ്പോഴാണ് ജോണിയും അത് ശ്രദ്ധിച്ചത്. എന്ത് പ്രത്യേകതയായിരിക്കും നീലിയും ജോണിയും കണ്ടെത്തിയിരിക്കുക?

കടയിൽ തൂക്കിയിട്ടിരിക്കുന്ന മാല നോക്കൂ... (ടി.ബി പേജ് 62 ജോണിയുടെ പൂക്കട)

മാലയിലെ പൂക്കളുടെ എണ്ണം നോക്കൂ... കണ്ടെത്തി എഴുതൂ... താരതമ്യം ചെയ്ത് 4-ാമത്തെ മാലയിൽ എത്ര പൂക്കളുണ്ടാകും എന്ന് എഴുതട്ടെ.

5-ാമത്തെ മാലയിലെ പൂക്കളുടെ എണ്ണവും കണ്ടെത്താമല്ലോ?

- കണ്ടത്തിയതെങ്ങനെ? എഴുതുക.

**ആഖ്യാനം**

ഒക്ടോബർ രണ്ടിനാണ് ബാപ്പുജിയുടെ പിറന്നാൾ. ആഘോഷം ഗംഭീരമാക്കണം. മാലയും പൂച്ചെണ്ടും പനിനീർപ്പൂവും വേണം. അതിഥികളെ സ്വീകരിക്കണം. അമ്മുവും കൂട്ടുകാരും ജോണിയുടെ കടയിലെത്തി. അവർ എന്തെല്ലാമാണ് വാങ്ങിയതെന്നറിയേണ്ടേ? പുസ്തകം നോക്കൂ. (ടി.ബി പേജ് 63).

ഗണിതപ്രശ്നം എങ്ങനെ നിർധാരണം ചെയ്യാം

- പ്രശ്നം വ്യക്തിഗതമായി വായിക്കൽ.
- വിശകലനം ചെയ്യൽ, നിർധാരണം ചെയ്യൽ.
- ഗ്രൂപ്പിൽ അവതരിപ്പിക്കൽ.
- കണ്ടെത്തിയത് എങ്ങനെയെന്നു വിശദീകരിക്കൽ.
- പരസ്പരം താരതമ്യം ചെയ്ത് വിലയിരുത്തൽ.
- പൊതു അവതരണം - യുക്തി വിശദീകരിക്കൽ
- ആവശ്യമെങ്കിൽ ടീച്ചേഴ്സ് വേർഷൻ അവതരിപ്പിക്കൽ
- കണ്ടെത്തിയ രീതി വിശദീകരിക്കൽ
- ടി.ബിയിൽ എഴുതൽ.

**ക്ലാസിലൊരു പൂക്കട**

- മാല, പൂച്ചെണ്ട്, പനിനീർപ്പൂവ് എന്നിവ കുട്ടികൾ തയാറാക്കി കൊണ്ടുവരാൻ മുൻകൂട്ടി നിർദേശിക്കണം. (തൊട്ടു മുൻപുള്ള സി.പി.ടി.എ യിൽ ഈ ആവശ്യം ഉന്നയിച്ചാലോ?)
- ക്ലാസ്സിലൊരു പൂക്കട ഒരുക്കുന്നു.
- വിലവിവരപ്പട്ടിക മുൻകൂട്ടി തയാറാക്കുമല്ലോ?
- കച്ചവടക്കാരൻ ആര്? വാങ്ങുന്നതോ? (സഹായം ആവശ്യമുള്ള കുട്ടികൾക്ക് ആദ്യ പരിഗണന)
- കളിനോട്ടുകൾ ഉപയോഗിക്കാമല്ലോ?
    - കുട്ടികൾ 2/3 സാധനം വാങ്ങാൻ നിശ്ചയിക്കണം
    - വിലവിവരപ്പട്ടിക പരിശോധിക്കണം
    - വില കണ്ടെത്തി ആവശ്യമായ കളിനോട്ട് എടുക്കണം
    - കച്ചവടം നടത്തുന്നു
    - വാങ്ങിയ സാധനങ്ങളുടെ പേര് ചേർത്ത് ചോദ്യം ഉണ്ടാക്കുന്നു
- ചോദ്യം ടീച്ചർ വിലയിരുത്തട്ടെ

❑ കച്ചവടക്കളിക്കു ശേഷം

**ഗ്രൂപ്പു പ്രവർത്തനത്തിൽ ടീച്ചറുടെ റോൾ**

- ചർച്ചയിൽ പൂർണ പങ്കാളിത്തം ഉറപ്പാക്കൽ
- കണ്ടെത്തലിന്റെ യുക്തി വിശദീകരിക്കുന്നുണ്ടോ?
- ചർച്ച ശരിയായ ദിശയിലായിരുന്നുവോ?
- പിന്തുണ ആവശ്യമുള്ളവർ ആരൊക്കെ?
- എന്ത് സഹായം ആണ് ആവശ്യം - കണ്ടെത്തൽ - രേഖപ്പെടുത്തൽ - തീരുമാനിക്കൽ - തൽസമയം ചെയ്യാവുന്നത് കൊടുക്കൽ

പ്രശ്നനിർധാരണം പൂർത്തിയാക്കാൻ കഴിയാത്ത കുട്ടികൾക്കോ?

- പൊതു ഗ്രൂപ്പിൽ, മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ സഹായത്തോടെ പ്രശ്ന വിശകലനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാം. (Peer group)
- പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മാത്രം ഗ്രൂപ്പിൽ, ടീച്ചറുടെ സഹായത്തോടെ പ്രശ്നം വിശകലനം ചെയ്ത് നിർധാരണത്തിന് ശ്രമിക്കാം.
- ചോദ്യങ്ങളിലൂടെ പ്രശ്ന വിശകലനം നടത്തിയതിന് ശേഷം വീണ്ടും പ്രശ്നനിർധാരണത്തിന് അവസരം കൊടുക്കാം.

- തയാറാക്കിയ ചോദ്യങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു
- ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുന്നു.
- ചോദ്യങ്ങൾ മറ്റു ഗ്രൂപ്പുകൾക്ക് കൈമാറി നിർധാരണം ചെയ്യുന്നു.
- ക്ലാസ്സിൽ ഉണ്ടായ ചോദ്യക്കൂട്ടങ്ങൾ ചാർട്ടിൽ പ്രദർശിപ്പി

ച്ചാലോ?

കണ്ടെത്തിയ രീതി വ്യക്തിഗതമായി ആദ്യം ബുക്കിലെഴുതട്ടെ. ഗ്രൂപ്പിലെ അവതരണവും ചർച്ചയും പൊതു അവതരണവും എല്ലാം കഴിഞ്ഞിട്ട് ടി.ബി യിൽ എഴുതാമല്ലോ.

(ടീച്ചർ ടി.ബി ഭാഗം വിലയിരുത്തുന്നു).

- ആവശ്യമെങ്കിൽ പൂക്കൾ ഉപയോഗിച്ച് ഈ പ്രവർത്തനം നടത്തിയാലോ?
- ഇനിയൊരു മത്സരമാകാം

കുട്ടികൾ വൃത്താകൃതിയിൽ ഇരിക്കുന്നു. ഓരോരുത്തർക്കും 100 എന്നെഴുതിയ ഓരോ കാർഡ് കമഴ്ത്തി നൽകുന്നു. കിട്ടിയ കാർഡുകൾ അങ്ങനെതന്നെ വെക്കണം. രണ്ടാം റൗണ്ടിൽ 10 ന്റെ യും 1 ന്റെയും കാർഡുകൾ കലർത്തി 5 എണ്ണം വീതം ഓരോരുത്തർക്കും നൽകുന്നു. എല്ലാവർക്കും 6 കാർഡുകൾ കിട്ടിയാൽ അവ മലർത്തിവെയ്ക്കാം.

- കിട്ടിയ കാർഡുകൾ ഉപയോഗിച്ച് എത്ര മൂന്നക്കസംഖ്യകൾ നിർമിക്കാം? കൂടുതൽ സംഖ്യകൾ നിർമിക്കാൻ കഴിയുന്നവർ വിജയിക്കും.
- നോട്ടു ബുക്കിൽ സംഖ്യകൾ എഴുതൽ.
- നിർമിക്കാവുന്ന ഏറ്റവും വലിയ സംഖ്യ ഏത്?
- ഓരോരുത്തരും അവരുടെ വലിയ സംഖ്യ പറയുന്നു. ടീച്ചർ BB യിൽ എഴുതുന്നു.
- ഏറ്റവും വലുത് ഏതെന്ന് കുട്ടികൾ കണ്ടെത്തിപറയൽ.
- രൂപീകരിച്ച സംഖ്യകൾ രണ്ടുപേരുടെ ഗ്രൂപ്പിൽ പരസ്പരം വിലയിരുത്തൽ.
- ടീച്ചർ വിലയിരുത്തൽ.

**സി.പി.ടി.എ യിലേക്ക്**

- ഈ പാഠത്തിൽ സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് കുട്ടിക്ക് കിട്ടിയ അനുഭവങ്ങൾ സി.പി.ടി.എ യിൽ ചർച്ച ചെയ്യുമല്ലോ?
- ഇതുപോലെ വീട്ടിൽ സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം അനുഭവങ്ങൾ കൊടുക്കാം?

പ്രശ്ന നിർധാരണത്തിനു സഹായകമായ ചോദ്യകൂട്ടങ്ങൾ എങ്ങനെ?

- എന്താണു കണ്ടു പിടിക്കേണ്ടത്?
- എന്തെല്ലാമാണു തന്നിട്ടുള്ളത്?

വാങ്ങിയ സാധനങ്ങൾ ഒന്നിന്റെ വില
വാങ്ങിയ എണ്ണം

- ഒരു മാലയുടെ വില തന്നിട്ടുണ്ട്. എങ്കിൽ രണ്ടു മാലയുടെ വില എങ്ങനെ കണ്ടുപിടിക്കാം?
- ഒരു പനിനീർപ്പൂവിന്റെ വില തന്നാൽ പനിനീർപ്പൂവിന്റെ ആകെ വില എങ്ങനെ കണ്ടെത്താം?
- ആകെ വില കണ്ടെത്താൻ എന്തുചെയ്യണം?
- ബാക്കി കൊടുക്കേണ്ടത് എത്രയെന്ന് എങ്ങനെയാണ് കണ്ടെത്തേണ്ടത്?

ഗണിത പ്രശ്നത്തെ കുട്ടി സമഗ്രമായി കാണണം. തുടർന്ന്, വിശകലനം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് പ്രശ്നത്തിലെ ഉപഘടകങ്ങൾ കണ്ടെത്തേണ്ടത്. ക്രിയയിലേക്കു നയിക്കുന്നതിനു പകരം പ്രശ്നവിശകലനത്തിന് സഹായകമായ തരത്തിൽ ചിന്തയെ ഉണർത്തുന്ന ലഘു ചോദ്യങ്ങളായിരിക്കണം ടീച്ചർ ചോദിക്കേണ്ടത്. ഇതിലൂടെ സ്വയം പ്രശ്നം വായിച്ച് വിശകലനം ചെയ്ത് നിർധാരണം ചെയ്യാനുള്ള കഴിവാണ് കുട്ടി നേടേണ്ടത്.

- സാധനം വാങ്ങുന്നതിന്റെ ലിസ്റ്റ് എഴുതണം.
- സാധനങ്ങൾ വാങ്ങാൻ അവസരം നൽകൽ
- സാധനം വാങ്ങിയ ബില്ലുകൾമായി കുട്ടിയെക്കൊണ്ട് താരതമ്യം ചെയ്യിക്കൽ (വിലയിൽ വരുന്ന വ്യത്യാസം)
- വാങ്ങുന്ന സാധനത്തിന്റെ ബില്ല് തയാറാക്കൽ.

**പൂക്കളെടുക്കാം... കൂട്ടമാക്കാം.**

ക്ലാസ് മുറിയിൽ ഒരേ വരിയിൽ 5 വട്ടം വരയ്ക്കുന്നു. ആദ്യത്തെ 3 വട്ടങ്ങളിൽ 2, 4, 6 പൂക്കൾ ക്രമീകരിക്കുന്നു.

ചിത്രം

4, 5 വട്ടങ്ങളിൽ എത്ര പൂക്കൾ വീതം ഉണ്ടാകും?

കുട്ടികൾ കണ്ടെത്തി ക്രമീകരിക്കട്ടെ. ക്രമീകരിച്ചതിന്റെ യുക്തി പറയട്ടെ. രൂപീകരിച്ചത് സംഖ്യാ രൂപത്തിൽ ബുക്കിൽ എഴുതുന്നു.

- കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.
- ക്ലാസിൽ പല സ്ഥലങ്ങളിൽ 5 വൃത്തം വീതം വരക്കുന്നു.
- പല പാറ്റേണിൽ പൂക്കൾ വയ്ക്കുന്നു. (ഗ്രൂപ്പിന്റെ എണ്ണത്തിനനുസരിച്ച്)

| | | | | |
|---|---|---|---|---|
| ഉദാ : | 5 | 10 | ........... | 20 |
| | 3 | 10 | 17 | ........... |
| | 1 | ........... | ........... | ........... |

ഓരോ ഗ്രൂപ്പും ചർച്ച ചെയ്യുന്നു. പാറ്റേൺ പൂർത്തീകരിക്കുന്നു - യുക്തി പറയുന്നു. സംഖ്യാ രൂപത്തിൽ ബുക്കിൽ രേഖപ്പെടുത്തുന്നു. എല്ലാ ഗ്രൂപ്പും എല്ലാ പാറ്റേണുകളും പൂർത്തീകരിക്കുന്നു.

- ഗ്രൂപ്പിൽ ഒരു കൂട്ടം പൂക്കൾ കൊടുക്കുന്നു.
- പാറ്റേൺ രൂപീകരിക്കുന്നു.
- ബുക്കിൽ രേഖപ്പെടുത്തുന്നു
- മറ്റു ഗ്രൂപ്പുകാർ വിലയിരുത്തുന്നു-യുക്തി കണ്ടെത്തുന്നു.
- രൂപീകരിച്ചവർ യുക്തി വിശദീകരിക്കുന്നു

ഓരോ ഗ്രൂപ്പും പ്രവർത്തനം തുടരുന്നു. രൂപീകരിക്കുന്ന ഓരോ പാറ്റേണും ക്ലാസിൽ ക്രോഡീകരിക്കുന്നു. ഏറ്റവും കൂടുതൽ പാറ്റേൺ ഉണ്ടാക്കിയവരെ അഭിനന്ദിക്കുക. ക്ലാസിൽ ആകെ എത്ര

പാറ്റേൺ - ചർച്ച പാറ്റേണുകൾ നോട്ടുബുക്കിലേക്ക്

**പട്ടിക അപഗ്രഥിക്കുന്നത് എങ്ങനെ?**

- പട്ടികയെ മൊത്തത്തിൽ വായിക്കുന്നതിനുള്ള ചോദ്യങ്ങൾ ചോദിക്കണം.
- ഓരോ ഘടകവും തിരിച്ചറിയുന്നതിനുള്ള ചോദ്യങ്ങളും ചോദിക്കണം.

  എന്തിനെക്കുറിച്ചെല്ലാമാണ് പട്ടികയിൽ പറഞ്ഞിരിക്കുന്നത്?

  ജോലിയുടെ കോളത്തിൽ നിന്ന് എന്താണ് മനസ്സിലാക്കാൻ കഴിയുന്നത്?

  ജോലി ചെയ്യുന്നവരുമായി ബന്ധപ്പെട്ട കോളങ്ങളിൽ നിന്ന് എന്തു മനസ്സിലാക്കാം?

  ജോണിയുടെ വീട്ടിലെ ജോലികളുടെ പട്ടികയിൽ നിന്നും എന്തെല്ലാം മനസ്സിലാക്കാൻ കഴിയും

  ഓരോരുത്തരും ചെയ്യുന്ന ജോലിയുടെ പ്രത്യേകതയെന്ത്?

## മോഡ്യൂൾ 3 - പരിസരപഠനം

| | | |
|---|---|---|
| ആശയം | : | • ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് ജോലി ചെയ്യേണ്ടതുണ്ട്. |
| സാമഗ്രികൾ | : | • വിത്തുകൾ/ മഞ്ചാടി |
| | | • ചാർട്ട് |

**ആഖ്യാനം**

കടയിൽ നിന്ന് തിരിച്ചുപോകുന്ന വഴിയിൽ ആൽമരച്ചുവട്ടിൽ രണ്ടുപേർ നിൽക്കുന്നു. നീലിയുടെ മുഖം സന്തോഷം കൊണ്ട് വിടർന്നു. ആരായിരിക്കും അത്?

സ്വതന്ത്ര പ്രതികരണം

അമ്മയെ കണ്ടതും നീലി ചിറകടിച്ച് പറന്ന് അമ്മയുടെ അടുത്തെത്തി. "എന്റെ കുഞ്ഞേ നീ ഇത്രയും നാൾ എവിടെയായിരുന്നു"? അമ്മ അവളെ ചേർത്തു നിർത്തി. മീലി തൊട്ടുരുമ്മി നിന്നു. നടന്ന കാര്യങ്ങളൊക്കെ നീലി വിവരിച്ചു. ഞാൻ അമ്മയോടൊപ്പം പോയ്ക്കോട്ടെ ജോണീ. നീലി ജോണിയുടെ മുഖത്തു

| ജോലി | ജോലിചെയ്യുന്നവർ | | | | | |
|---|---|---|---|---|---|---|
| | ഞാൻ | അമ്മ | അച്ഛൻ | ചേട്ടൻ | | |
| | | | | | | |

കുട്ടികൾ പട്ടികപ്പെടുത്തിയിട്ടുള്ള ജോലികളും ഓരോ ജോലിയുടെയും വിവിധ ഘട്ടങ്ങളും ചാർട്ടിൽ തയാറാക്കി പ്രദർശിപ്പിക്കണം.

*ഉദാ: ചോറ് വയ്ക്കൽ, കലത്തിൽ വെള്ളം നിറക്കൽ, തീ കൂട്ടൽ, അരി കഴുകിയിടൽ, അരി വാർക്കൽ*

നോക്കി. ജോണിയുടെ കണ്ണു നിറഞ്ഞു. കോഴിയമ്മ ജോണിയോട് നന്ദി പറഞ്ഞു. യാത്ര പറഞ്ഞു പിരിയുമ്പോൾ നീലിക്കും സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. കോഴിയമ്മയ്ക്കൊപ്പം വീട്ടിലേക്കു നടക്കുമ്പോൾ നീലി ചിന്തിച്ചത് ജോണിയെക്കുറിച്ച് തന്നെയായിരുന്നു. എന്തൊക്കെ കാര്യങ്ങളാ ജോണി ചെയ്യുന്നത്? അവൻ മിടുക്കൻ തന്നെ. ജോണിയുടെ വീട്ടിൽ എല്ലാവരും ജോലി ചെയ്യുന്നു. ഞാനും ഇനി മുതൽ ജോലി ചെയ്യും. അമ്മയേയും മീലിയേയും സഹായിക്കും. അവൾ മനസ്സിൽ ഉറപ്പിച്ചു.

- ജോണിയുടെ വീട്ടിലെ ജോലികൾ നോക്കൂ. ഓരോ ജോലിയും ആരൊക്കെ ചേർന്നാണ് ചെയ്യുന്നത്?

  പട്ടിക വായിക്കൂ... മനസ്സിലാക്കിയ കാര്യങ്ങൾ വ്യക്തിഗതമായി നോട്ടുബുക്കിൽ കുറിക്കൂ.

- പട്ടിക വ്യക്തിഗതമായി അപഗ്രഥിക്കുന്നു.
- കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- സ്വന്തം കണ്ടെത്തലുകൾ കൂട്ടുകാരുടെ കണ്ടെത്തലുമായി താരതമ്യം ചെയ്യുന്നു.
- പൊതു അവതരണം
- ക്രോഡീകരണം
- ബുക്കിൽ എഴുതുന്നു.
    - പട്ടിക അപഗ്രഥിക്കുന്നു.
    - ചർച്ചയിലൂടെ ആശയരൂപീകരണം.

- ജോണിയുടെ വീട്ടിലെ ജോലികൾ കണ്ടില്ലേ? നിങ്ങളുടെ വീട്ടിൽ ഒരോരുത്തരും ചെയ്യുന്ന ജോലികൾ ഇങ്ങനെ പട്ടികപ്പെടുത്തിയാലോ

  പട്ടികയിൽ എന്തൊക്കെ വേണം?

  ചർച്ച ചെയ്ത് ബ്ലാക്ക് ബോർഡിൽ വരയ്ക്കുമല്ലോ?

- വ്യക്തിഗതമായി പൂർത്തീകരിച്ച പട്ടിക ഗ്രൂപ്പിൽ പങ്കുവയ്ക്കണം
- നിങ്ങളുടെ ഗ്രൂപ്പിൽ ആരാണ് ഏറ്റവും അധികം വീട്ടുജോലികളിൽ സഹായിച്ചത്?
- അവതരണം
- സ്വന്തമായി ചെയ്യാൻ കഴിയുന്ന ജോലികളെല്ലാം നിങ്ങൾ ചെയ്യാറുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

- എല്ലാവരും ചേർന്നു ജോലി ചെയ്താൽ എന്താണു മെച്ചം?

ആശയരൂപീകരണത്തിന് സഹായകമായ തരത്തിൽ ചർച്ച ക്രോഡീകരിക്കുമല്ലോ?

- സ്കൂളിൽ നിങ്ങൾക്ക് എന്തെല്ലാം ജോലികൾ ചെയ്യാൻ കഴിയും? കൂട്ടുകാരുമായി ചർച്ച ചെയ്യൂ. കണ്ടെത്തൂക.

**വിലയിരുത്തൽ**

- രൂപീകരിച്ച പാറ്റേൺ
- യുക്തി പറയുന്നതിൽ
- ബുക്കിൽ രേഖപ്പെടുത്തിയത്

**ഈ പാഠത്തിൽ നിന്നും ലഭിക്കുന്ന പഠനത്തെളിവുകൾ**

- ജോണിയും പട്ടവും തമ്മിൽ പറഞ്ഞത്.
- കുറിപ്പ് - ആരെയാണിഷ്ടം?
- വരുമാനത്തിനുവേണ്ടി വീട്ടിൽ ചെയ്യുന്ന ജോലികൾ - പദസൂര്യൻ.
- ഞാൻ രൂപീകരിച്ച പാറ്റേണുകൾ
- വീട്ടിലുള്ളവർ ചെയ്യുന്ന ജോലി - പട്ടിക
- നീലിയും മീലിയും - നാടകീകരണം